(ബി) ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യം അടിയന്തിര നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. വാറ്റ് നിയമം നടപ്പിലാക്കുന്നതിലേക്കായുള്ള സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ഉന്നതാധികാര സമിതിയിലും ഈ കാര്യം ഉന്നയിച്ചിട്ടുണ്ട്.

(സി) മേൽനടപടികളുടെ ഫലം അറിവായിത്തുടങ്ങുന്നതേയുള്ളൂ.

ഔഷധ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി

27 |205| *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം നടപ്പിലാക്കിയതിനുശേഷം ഔഷധങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സാധാരണക്കാരായ രോഗികളെയടക്കം ബുദ്ധിമുട്ടിക്കുന്ന ഈ ഔഷധ വില വർദ്ധനവ് നിയന്ത്രിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുമ്പോൾ എം. ആർ. പി. യിൻമേൽ ആദ്യവിൽപ്പന നടത്തുമ്പോൾ തന്നെ നികുതി ഈടാക്കാൻ ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാര സമിതി തീരുമാനിച്ചിരുന്നു. നികുതി നിരക്ക് 8% ത്തിൽ നിന്ന് 4% മായി കുറച്ചിട്ടുണ്ട്.

മിനിട്ടറി കൂാന്റീനുകളെ വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി

28 |206| *ശ്രീ. തന്നാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിലിട്ടറി കൂാന്റീനുകളിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക് വാറ്റ് പ്രകാരമുള്ള നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളം ഒഴികെ വാറ്റ് നടപ്പിലാക്കിയ മറ്റ് സംസ്ഥാനങ്ങൾ മിനിട്ടറി ക്യാന്റീനുകളെ വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വിദേശ മദ്യം, ബിയർ എന്നിവ ഒഴികെയുള്ള സാധനങ്ങൾ മിനിട്ടറി ക്യാന്റീനുകളിലൂടെ വിൽക്കുമ്പോൾ വാറ്റ് പ്രകാരമുള്ള നികുതിക്ക് വിധേയമാണ് മുൻപ് നൽകിയിരുന്ന നികുതി ഇളവ് ദേശീയ തലത്തിലുള്ള തീരുമാനമനുസരിച്ച് നിർത്തലാക്കിയിട്ടുണ്ട്.

(ബി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുന്ന ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം മിനിട്ടറി ക്യാന്റീനുകൾ കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരം നൽകിവന്നിരുന്ന എല്ലാ നികുതി ഇളവുകളും ഇല്ലാതായി. ആയതിനാൽ മിനിട്ടറി ക്യാന്റീനുകളെ മൂല്യവർദ്ധിത നികുതി നിയമത്തിൽ നിന്നും ഒഴിവാക്കാൻ നിവൃത്തിയില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വാറ്റ് നടപ്പിലാക്കിയതിനുശേഷം സാധനങ്ങളുടെ വിലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ

29 [207] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വന്നിട്ടും സാധനങ്ങളുടെ വിലയിൽ കുറവ് അനുഭവപ്പെടുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 12.5 ശതമാനം നികുതിയുണ്ടായിരുന്ന ഉൽപ്പന്നങ്ങളുടെ നികുതി നാല് ശതമാനമായി കുറച്ചിട്ടും സാധനങ്ങളുടെ വിലയിൽ കുറവ് വന്നിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനു പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വാറ്റ് സമ്പ്രദായം എന്നു മുതലാണ് സംസ്ഥാനത്തു നടപ്പിലാക്കിയത്;

(ഇ) വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം സാധനങ്ങളുടെ വിലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) മൂല്യവർദ്ധിത നികുതി നടപ്പാക്കി മാസങ്ങൾ കഴിഞ്ഞിട്ടും വിപണിയിൽ വിലക്കുറവ് അനുഭവപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly